# ഹരികിഷോറിന് 14-ാം റാങ്ക്

**കണ്ണൂർ:** സിവിൽ സർവീസ് പരീക്ഷയിൽ ചെറുകുന്ന് ഒദയമ്മാടം 'ഹരികിരണിൽ' എസ്.ഹരികിഷോറിന് 14-ാം റാങ്ക്. ഫൈനൽ പരീക്ഷയിൽ ജ്യോഗ്രഫിക്കൊപ്പം മലയാളസാഹിത്യം ഐച്ഛിക വിഷയമായെടുത്ത ഹരികിഷോറിന് ഈ വിജയം ഇരട്ടിമധുരമായി.



ഹരികിഷോർ

കണ്ണൂർ ജവഹർ നവോദയവിദ്യാലയത്തിൽ പ്ലസ് ടു വരെ പഠിച്ച ഹരികിഷോർ കണ്ണൂർ ഗവ. എൻജിനിയറിങ് കോളേജിൽ നിന്ന് ബി.ടെക്. മെക്കാനിക്കൽ എൻജിനിയറിങ് 2002ൽ ഒന്നാം റാങ്കോടെയാണ് വിജയിച്ചത്. തുടർന്ന് കാൺപൂർ ഐ.ഐ.ടിയിൽ നിന്ന് എം.ടെക്ക് മെക്കാനിക്കൽ എൻജിനിയറിങ് ജി.ഇ. ഫൗണ്ടേഷൻ സ്കോളർഷിപ്പോടെ വിജയിച്ചു.

എം.ടെക്കിന് ശേഷം കൊല്ലത്തെ അമൃത സ്കൂൾ ഓഫ് എൻജിനിയറിങ്ങിൽ ലക്ചററായി ചേർന്നു. ഇതോടൊപ്പം തിരുവനന്തപുരത്തെ കേരളാ സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിലും പാല സെൻറ് തോമസ് കോളേജിലെ സിവിൽ സർവീസ് സെൻററിലും പരിശീലനം നേടി. പ്രിലിമിനറിക്ക് മെക്കാനിക്കൽ എൻജിനിയറിങ്ങായിരുന്നു ഇഷ്ടവിഷയമായെടുത്തത്. ഫൈനലിന് എന്നാൽ എൻജിനിയറിങ് വിഷയത്തെ വിട്ട് ജ്യോഗ്രഫിയിലേക്കും മലയാളസാഹിത്യത്തിലേക്കും കൂടുമാറി. താല്പര്യംകൊണ്ടാണ് മലയാളസാഹിത്യം ഇഷ്ടവിഷയമായി തിരഞ്ഞെടുത്തതെന്ന് ഹരികിഷോർ പറഞ്ഞു. ഇൻറർവ്യൂവിന് പക്ഷേ മലയാളമൊന്നും ആരും ചോദിച്ചില്ല. പൊതുവായ കാര്യങ്ങളാണ് ചോദിച്ചത്. ഉയർന്ന റാങ്കായതിനാൽ കേരള കേഡറിൽത്തന്നെ ഐ.എ.എസ്. ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ഹരികിഷോർ.

കണ്ണൂർ സർവകലാശാലാ മുൻ രജിസ്ട്രാറും പയ്യന്നൂർ കോളേജ് സംസ്കൃതംവകുപ്പ് മുൻ മേധാവിയുമായ ഡോ. കെ.എച്ച്.സുബ്രഹ്മണ്യൻെറയും കാഞ്ഞങ്ങാട് ദുർഗ ഹയർസെക്കൻഡറി സ്കൂൾ മലയാളം അധ്യാപിക പി.കെ. സരളയുടെയും മകനാണ്. എം.ജി.സർവകലാശാലയുടെ അംഗീകാരമുള്ള പിറവത്തെ ചിന്മയ ഇൻറർനാഷനൽ ഫൗണ്ടേഷൻ ഡയറക്ടറാണ് ഇപ്പോൾ ഡോ. സുബ്രഹ്മണ്യൻ. ഹരികിഷോറിൻെറ അനുജൻ എസ്.ശ്രീകിരൺ കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നാലാംവർഷ എം.ബി.ബി.എസ്. വിദ്യാർഥിയാണ്.